## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1289 . 11/06/2019-ൽ മറുപടിക്ക്

# ഖാദർ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം<br>**ശ്രീ.പാറക്കൽ അബ്ദുല്ല** | മറുപടി<br>**പ്രൊഫ.സി.രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| എ) സർക്കാർ ഇതിനകം അംഗീകരിച്ചതും സ്കൂൾ തലത്തിൽ വ്യക്തമായ ഘടനാമാറ്റം ശിപാർശ ചെയ്യുന്നതുമായ ഖാദർ കമ്മീഷൻ റിപ്പോർട്ട് ഈ അദ്ധ്യയന വർഷം നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | എ) വിദഗ്ധ സമിതിയുടെ ശിപാർശകൾ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും ഇക്കാര്യം വിശദമായി ബന്ധപ്പെട്ട സംഘടനകളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2019-2020 അദ്ധ്യയന വർഷത്തിൽ നടപ്പിലാക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ട് സ.ഉ.(കൈ) നം.53/2019/പൊ.വി.വ. തീയതി 31.05.2019 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) ഹയർസെക്കൻഡറി, സെക്കൻഡറി തലങ്ങളിലുള്ള അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവർക്കിടയിൽ ഈ റിപ്പോർട്ടിനെക്കുറിച്ച് കടുത്ത ആശങ്ക നിലനിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് പരിശോധിക്കുകയുണ്ടായോ; വിശദാംശം നൽകുമോ;<br><br>സി) പ്രസ്തുത വിഷയം കണക്കിലെടുക്കാതെയും പരിഹരിക്കാതെയും ഏകപക്ഷീയമായി റിപ്പോർട്ട് നടപ്പാക്കുന്നത് ഉദ്ദേശിക്കുന്ന ഫലം നൽകില്ലായെന്നും മറിച്ച് വിപരീത ഫലങ്ങൾ ഉളവാക്കുമെന്നും കരുതുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | ബി) & സി) റിപ്പോർട്ട് നടപ്പിലാക്കുന്നതിന് തീരുമാനം കൈക്കൊള്ളുന്നതിന് മുമ്പ് രണ്ടുവട്ടം അദ്ധ്യാപക-അനദ്ധ്യാപക സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിരുന്നു. കൂടാതെ മാനേജ്മെന്റ് പ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ എന്നിവരുമായും ചർച്ചകൾ നടത്തിയിരുന്നു. ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉയർന്നുവന്ന ക്രിയാത്മക നിർദ്ദേശങ്ങൾകൂടി പരിഗണിച്ചാണ് ഈ വിഷയത്തിൽ സർക്കാർ നയപരമായ തീരുമാനം എടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ ആശങ്കകൾക്ക് യാതൊരു അടിസ്ഥാനവുമില്ല. |

സെക്ഷൻ ഓഫീസർ